ഉൾനാടൻ ജലഗതാഗതം

14 (*164) ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉൾനാടൻ ജലഗതാഗതത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം സംബന്ധിച്ച വിശദവിവരം നൽകാമോ ;

(ബി) നിലവിലുള്ള ജലഗതാഗത സൗകര്യങ്ങൾ ജനങ്ങളുടെ ആവശ്യം കൂടി കണക്കിലെടുത്ത് പരമാവധി ഉപയോഗപ്പെടുത്തുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ;

(സി) ജലഗതാഗത വകുപ്പിനു കീഴിൽ നിലവിൽ പ്രവർത്തനക്ഷമമായ ബോട്ടുകളുടെയും പ്രതിദിനം ഓപ്പറേറ്റ് ചെയ്യുന്ന സർവ്വീസുകളുടെയും വിശദവിവരം നൽകാമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉൾനാടൻ ജലഗതാഗതവുമായി ബന്ധപ്പെട്ട് സമയാസമയങ്ങളിൽ പുറത്തിറങ്ങുന്ന വ്യവസ്ഥകൾ, നിയമങ്ങൾ, ചട്ടങ്ങൾ എന്നിവ കൃത്യമായി പാലിച്ചുകൊണ്ട് പൊതുജനങ്ങൾക്ക്, പ്രത്യേകിച്ച് വെള്ളക്കെട്ടായ പ്രദേശങ്ങളിൽ താമസിക്കുന്നവർക്ക്, മെച്ചപ്പെട്ട ജലഗതാഗത സൗകര്യം ലഭ്യമാക്കുക എന്നതാണ് സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ദൗത്യം. കേരളത്തിലെ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറു ജില്ലകളിലായി വെള്ളക്കെട്ടുള്ള ദ്വീപുകളെ ബന്ധപ്പെടുത്തി സംസ്ഥാന ജലഗതാഗത വകുപ്പ് 51 ഷെഡ്യൂളുകളിലായി പാസഞ്ചർ സർവ്വീസുകൾ നടത്തി വരുന്നു. കൂടാതെ ഉൾനാടൻ ജലഗതാഗതത്തിനായുള്ള സംസ്ഥാന ജലപാതയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് ദേശീയ ജലപാതയായ കൊല്ലം-കോട്ടപ്പുറം പാതയുടെ ഇരുവശങ്ങളിൽ ഉൾപ്പെടുന്ന കോവളം-കൊല്ലം, കോട്ടപ്പുറം-നീലേശ്വരം എന്നീ സംസ്ഥാന ജലപാതകളെ നബാഡ്, പതിമൂന്നാം ധനകാര്യകമ്മീഷൻ, സ്റ്റേറ്റ് ഫണ്ട് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നതിലേക്കായി വിവിധഭാഗങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ ജലസേചന വകുപ്പിന്റെ മേൽനോട്ടത്തിലും നടത്തി വരുന്നത് പൂർത്തിയായാൽ 51 ജലപാതകളിലൂടെയും സംസ്ഥാന ജലഗതാഗത വകുപ്പിന്റെ ബോട്ട് സർവ്വീസ് ഏർപ്പെടുത്തുന്നകാര്യം ആവശ്യമെങ്കിൽ പരിശോധിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. പൊതുജനങ്ങളുടെ ആവശ്യം കൂടി കണക്കിലെടുത്ത് സംസ്ഥാന ജലഗതാഗത വകുപ്പ് നൽകിയിട്ടുള്ള 51 ഷെഡ്യൂളുകളും മുടക്കം കൂടാതെ കാര്യക്ഷമമായി നടത്തി വരുന്നു. ഇതിൽ സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിനായി അപ്പർ ഡെക്ക് സംവിധാനമുള്ള രണ്ട് ലക്ഷ്വറി ബോട്ടുകൾ ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ റൂട്ടിൽ സർവ്വീസ് നടത്തി വരുന്നു. ഇത് കൂടാതെ 90 യാത്രക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന അത്യന്താധുനിക സൗകര്യങ്ങളോടുകൂടിയ രണ്ട് പാസഞ്ചർ കം-ടൂറിസ്റ്റ് ഡബിൾ ഡക്കർ ബോട്ടുകൾ 'സീ-കുട്ടനാട് 'എന്ന പേരിൽ ആലപ്പുഴ-കുട്ടനാട് റൂട്ടിൽ സർവ്വീസ് നടത്തി വരുന്നു. ഇരുചക്ര വാഹനങ്ങൾ ഉൾപ്പെടെ കയറ്റാവുന്ന രീതിയിൽ രൂപകല്പന ചെയ്ത ആറ് പാസ്സഞ്ചർ-കം-വെഹിക്കിൾ കാരിയർ ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്.

(സി) നിലവിൽ 56 ബോട്ടുകൾ പ്രവർത്തനക്ഷമമാണ് പ്രതിദിനം 51 സർവ്വീസ് നടത്തി വരുന്നു.

കളരിപ്പയറ്റിനെ കായിക ഇനമായി ഉൾപ്പെടുത്തുവാൻ പദ്ധതി

15 (*165) ശ്രീ. റോഷി അഗസ്റ്റിൻ :
ഡോ. എൻ. ജയരാജ് :
ശ്രീ. പി. സി. ജോർജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ തനത് ആയോധന കലയായി കളരിപ്പയറ്റിനെ കണക്കാക്കുന്നുണ്ടോ ;

(ബി) കളരിപ്പയറ്റിനെ സ്വായത്തമാക്കാൻ വിദേശ രാജ്യങ്ങളിൽ നിന്നുപോലും പഠിതാക്കൾ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത ആയോധന കലയെ ഒരു കായിക ഇനമായി ഉൾപ്പെടുത്തി ഈ ശാഖയുടെ വളർച്ചയ്ക്ക് ഉതകുന്ന പദ്ധതി ആവിഷ്കരിക്കുമോ; വിശദാംശങ്ങൾ നൽകുമോ ?

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ&ബി) ഉണ്ട്.

(സി) 2008-ലെ കേരള സ്റ്റേറ്റ് സ്പോർട്സ് ചട്ടങ്ങൾപ്രകാരം കളരിപ്പയറ്റിന് പ്രത്യേക പരിഗണന നൽകിയിട്ടുണ്ട്. ആയതുപ്രകാരം കളരിപ്പയറ്റിൽ കേരളത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന സംഘടനയായ കേരള കളരിപ്പയറ്റ് അസോസിയേഷനെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. പ്രസ്തുത സംഘടന ടി

LIBRARY ARCHIVES Kerala Legislative Assembly